15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4734 02-07-2024 - ൽ മറുപടിയ്ക്ക്

മാനദണ്ഡങ്ങൾ ലംഘിച്ച് ട്രോളിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ മാനദണ്ഡങ്ങൾ ലംഘിച്ച് ട്രോളിംഗ് നടത്തിയ എത്ര യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾ ഫിഷറീസ് എൻഫോഴ്സ്മെന്റ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെന്നും എത്ര ബോട്ടുകൾക്ക് പിഴ ചുമത്തിയിട്ടുണ്ടെന്നും ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ (2021-22 മുതൽ 2024-25 ജൂൺ 15 വരെ) 9 തീരദേശ ജില്ലകളിലായി മാനദണ്ഡങ്ങൾ ലംഘിച്ച് ട്രോളിംഗ് നടത്തിയ 413 യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾ ഫിഷറീസ് വകുപ്പും എൻഫോഴ്സ്മെന്റ് വിങ്ങും ചേർന്ന് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. 413ബോട്ടുകൾക്കും പിഴ ചുമത്തിയിട്ടുണ്ട്. 413 ബോട്ടുകളിൽനിന്നായി പിഴ ഇനത്തിൽ 5.37 കോടി രൂപ ഈടാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ട്രോളിംഗ് നിയന്ത്രണങ്ങൾ ആവർത്തിച്ച് ലംഘിച്ച എത്ര ബോട്ടുകൾ ഉണ്ടെന്നും ഇവർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ബി) | ട്രോളിംഗ് നിയന്ത്രണങ്ങൾ ആവർത്തിച്ച് ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ ഒരു ബോട്ട് കസ്റ്റഡിയിലെടുത്ത് നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ ബോട്ട് (IND-KL-05-MM-3381) കരവലി നടത്തിയതിന് ആദ്യം കസ്റ്റഡിയിൽ എടുക്കുകയും ഇംപൗണ്ട് ചെയ്ത് 1,20,000/-രൂപ പിഴ ചുമത്തുകയും ചെയ്തു. കൂടാതെ ടി ബോട്ടിലുണ്ടായിരുന്ന മത്സ്യം 2,150/-രൂപയ്ക്ക് ലേലം ചെയ്ത് വിറ്റ് തുക ട്രഷറിയിൽ ഒടുക്കുകയും ചെയ്തു. പ്രസ്തുത ബോട്ട് സ്പെഷ്യൽ പെർമിറ്റ് ഇല്ലാതെ രണ്ടാമതും പിടിയ്ക്കപ്പെടുകയും ഇംപൗണ്ട് ചെയ്ത് 1,20,000/-രൂപ പിഴ ചുമത്തുകയും ചെയ്തു, ടി ബോട്ടിലുണ്ടായിരുന്ന മത്സ്യം 14,200/-രൂപയ്ക്ക് ലേലം ചെയ്ത് വിറ്റ് തുക ട്രഷറിയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2021-22 മുതൽ 2024-25 ജൂൺ 15 വരെ

| ജില്ല | നിയമലംഘനം നടത്തിയ യന്ത്രവത്കൃത ബോട്ടുകളുടെ എണ്ണം | ഇംപൗണ്ട് ചെയ്ത ബോട്ടുകളുടെ എണ്ണം | പിഴ ചുമത്തിയ ബോട്ടുകളുടെ എണ്ണം | പിഴയിനത്തിൽ ലഭിച്ച തുക (രൂപയിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | 10 | 10 | 10 | 1840000 |
| കൊല്ലം | 69 | 69 | 69 | 6750000 |
| ആലപ്പുഴ | 29 | 29 | 29 | 5061718 |
| എറണാകുളം | 62 | 62 | 62 | 11867500 |
| തൃശ്ശൂർ | 41 | 41 | 41 | 6985000 |
| മലപ്പുറം | 26 | 26 | 26 | 1580740 |
| കോഴിക്കോട് | 60 | 60 | 60 | 9155000 |
| കണ്ണൂർ | 65 | 65 | 65 | 477500 |
| കാസർഗോഡ് | 51 | 51 | 51 | 10000000 |
| **ആകെ** | **413** | **413** | **413** | **53717458** |